# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -4216 | 24.10.2016-ൽ മറുപടിക്ക് |

## പൊതുമേഖലാ സ്ഥാപനങ്ങളുടെ തലപ്പത്ത് ബന്ധുക്കളെ നിയമിച്ചതു സംബന്ധിച്ച പരാതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അടൂർ പ്രകാശ്<br>,, ഷാഫി പറമ്പിൽ<br>,, ഐ.സി.ബാലകൃഷ്ണൻ | ശ്രീ. പിണറായി വിജയൻ (മുഖ്യ മന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങളുടെ തലപ്പത്ത് സി.പി.എം. നേതാക്കളുടെ മക്കളെയും ബന്ധുക്കളെയും നിയമിച്ചതു സംബന്ധിച്ച് വിജിലൻസ് ഡയറക്ടർക്ക് പ്രതിപക്ഷ നേതാവിന്റേതടക്കം എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; | എ) | നാല് പരാതികൾ ലഭിച്ചിട്ടുണ്ട് |
| ബി) | പരാതികൾ എന്നാണ് ലഭിച്ചതെന്നും പരാതിയിന്മേൽ എന്തു നടപടി എടുത്തുവെന്നും വിശദമാക്കുമോ; | ബി) | ഇവയിൽ മൂന്ന് പരാതികൾ 08.10.2016 നും ഒരു പരാതി 12.10.2016 നുമാണ് ലഭിച്ചിട്ടുള്ളത്. പരാതികളിന്മേൽ പ്രാഥമികാന്വേഷണം നടന്നു വരുന്നു. |
| സി) | ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങളിലാണ് ക്രമവിരുദ്ധമായ നിയമനം നടത്തിയതായി പരാതിപ്പെട്ടിട്ടുള്ളത്;വിശദാംശങ്ങൾ എന്തെല്ലാം; | സി) | വ്യവസായ വകുപ്പിന്റെ കീഴിലുള്ള കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ്, കഴക്കൂട്ടത്തുള്ള കിൻഫ്രാ അപ്പാരൽ പാർക്ക്, കിൻഫ്രാ പാർക്ക്, കിൻഫ്രാ ഫിലിം ആന്റ് വീഡിയോ പാർക്ക്, ക്ലേ ആന്റ് സിറാമിക്സ് ലിമിറ്റഡ്, കണ്ണൂർ എന്നിവയിലും വനിതാ വികസന |

| | | | |
|---|---|---|---|
| | | | കോർപ്പറേഷനിലും, വ്യവസായ വകുപ്പിൽ ഉന്നത തസ്തികകളിലും നിയമനം നടത്തിയതുമായി ബന്ധപ്പെട്ടാണ് പരാതികൾ ലഭിച്ചിട്ടുള്ളത്. |
| ഡി) | ഏതൊക്കെ മന്ത്രിമാരാണ് ആക്ഷേപത്തിന് വിധേയരായതെന്ന് വ്യക്തമാക്കുമോ; | ഡി) | മുൻ മന്ത്രി ശ്രീ. ഇ. പി. ജയരാജനെതിരെയാണ് ആരോപണം. |
| ഇ) | പരാതിയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട മന്ത്രിമാർക്കെതിരെ അന്വേഷണത്തിന് നടപടി സ്വീകരിക്കുമോ? | ഇ) | പരാതികളിന്മേൽ പ്രാഥമികാന്വേഷണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ